

# സ്റ്റുഡന്റ്സ് സേവിങ്സ് സ്കീം

ദേശീയ സമ്പാദ്യ പദ്ധതി
വയനാട്

1. സ്റ്റുഡന്റ്സ് സേവിങ്സ് എന്തിന് ?

2. എന്താണ് സ്റ്റുഡന്റ്സ് സേവിങ്സ് സ്കീം ?

3. സ്റ്റുഡന്റ്സ് സേവിങ്സ് സ്കീം എങ്ങനെ ആരംഭിക്കാം ?

4. സ്റ്റുഡന്റ്സ് സേവിങ്സ് സ്കീം ആരംഭിക്കാനുള്ള പ്രമേയം


5. സ്റ്റുഡന്റ്സ് സേവിങ്സ് സ്കീം പ്രവർത്തിക്കുന്നത് എങ്ങനെ?

6. അക്കൗണ്ട് നമ്പറും പലിശ കണക്കാക്കുന്നതും

7. പലിശ കണക്കാക്കുന്ന രീതി

8. അധ്യാപകർക്ക് ഇൻസെന്റീവ് !!!

9. സ്റ്റുഡന്റ്സ് സേവിങ്സ് സ്കീം ചാർജ് വഹിക്കുന്ന അധ്യാപകന്റെ കർത്തവ്യങ്ങൾ




1


Photo by Pexels

# സ്റ്റുഡന്റ്സ് സേവിങ്സ് എന്തിന് ?

## സാമ്പത്തിക സാക്ഷരത

- സുരക്ഷിതമായ ഭാവി കെട്ടിപ്പടുക്കുന്നതിൽ സ്കൂൾ വിദ്യാർത്ഥികൾക്ക് സമ്പാദ്യം എന്ന ആശയം അവതരിപ്പിക്കുക.
- ചെറുപ്പം മുതലേ പണം സമ്പാദിക്കുക , സാമ്പത്തിക ഉത്തരവാദിത്തത്തിന്റെ മൂല്യം വളർത്തുക , നേതൃത്വ പാടവം വളർത്തിയെടുക്കുക
- ബാങ്കിങ് സംവിധാനത്തെ വിദ്യാർത്ഥികൾക്ക് പരിചയപ്പെടുത്തുക , ഗേറ്റ് വേ ഡ്രഗ്സ് ഉപയോഗിക്കുന്നതിൽ നിന്നും കുട്ടികളെ തടയുക




2

# എന്താണ് സ്റ്റുഡന്റ്സ് സേവിങ്സ് സ്കീം ?

1/10/2016 മുതൽ നിറുത്തലാക്കിയ സഞ്ചയ്ക, സമ്പാദ്യ പദ്ധതിക്ക് പകരമായി അതെ മാനദണ്ഡം നിലനിർത്തി കേരള സംസ്ഥാന സർക്കാർ ആവിഷ്കരി ച്ചു നടപ്പിലാക്കുന്ന പ്രോഗ്രാം ആണ് സ്റ്റുഡന്റ്സ് സേവിങ്ങ്സ് സ്കീം

പൊതു വിദ്യാഭ്യാസ വകുപ്പ്, സംസ്ഥാന ട്രഷറി വകുപ്പ്, ധനകാര്യ ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ് എന്നീ വകുപ്പുകളെ സംയോജിപ്പിച്ച് കൊണ്ടാണ് സംസ്ഥാന സർക്കാർ ഈ സ്കീം നടപ്പിലാക്കുന്നത്.

ഒന്നാം ക്ലാസ്സ് മുതൽ പ്ലസ് ടു വരെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന എല്ലാ വിദ്യാർഥികൾക്കും ഈ സ്കീമിൽ അംഗമാകാം



4

# സ്റ്റുഡന്റ്സ് സേവിങ്സ് സ്കീം പ്രവർത്തിക്കുന്നത് എങ്ങനെ?

- സർക്കാർ/ സർക്കാർ എയ്ഡഡ് സ്കൂളുകളിലെ 1 മുതൽ 12 വരെയുള്ള വിദ്യാർത്ഥികൾ SSS ൽ ചേരാൻ അർഹരാണ്
- ഓരോ ആഴ്ചയോ , മാസംതോറുമോ വിദ്യാർത്ഥികളിൽ നിന്ന് പണം ശേഖരിക്കാം

- പണം ശേഖരിക്കാനും , രെജിസ്റ്ററുകളിൽ രേഖപ്പെടുത്താനും വിദ്യാർത്ഥികളുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്
- SSS ചാർജ് ഉള്ള അധ്യാപകൻ അവ പരിശോധിച്ച് പാസ് ബുക്കിൽ ഒപ്പുവച്ച് തുക ട്രഷറിയിൽ ഒടുക്കണം

- സ്ഥാപന മേധാവിയുടെയും 2 വിദ്യാർത്ഥികളുടെയും പേരിൽ ജോയിന്റ് ആയി ആണ് ട്രഷറിയിൽ അക്കൗണ്ട് ആരംഭിക്കേണ്ടത്
- വിദ്യാർത്ഥികൾക്ക് സേവിങ്സ് ബാങ്ക് നിരക്കിൽ പലിശ ലഭിക്കുന്നതാണ്

5

# സ്റ്റുഡന്റ്സ് സേവിങ്സ് സ്കീം എങ്ങനെ ആരംഭിക്കാം ?




Photo by Pexels

1. PTA മീറ്റിംഗിൽ സ്കൂളിൽ SSS ആരംഭിക്കാനുള്ള തീരുമാനമെടുക്കുക
2. ഹെഡ് മാസ്റ്റർ ചെയർമാൻ ആയി ഏഴംഗ ട്രസ്റ്റ് രൂപീകരിക്കുക , അംഗങ്ങൾ - 2 അധ്യാപകർ , 2 രക്ഷിതാക്കൾ , 2 വിദ്യാർത്ഥികൾ
3. ട്രസ്റ്റിലെ ഒഴിവ് നോമിനേഷൻ വഴി നികത്താം
4. സ്കൂളിൽ ഒരു പ്രമേയം അവതരിപ്പിക്കുന്നതു വഴി SSS ആരംഭിക്കാം




5 ട്രസ്റ്റിന്റെ നടപടിക്കുറിപ്പിന്റെ അടിസ്ഥാനത്തിൽ സ്ഥാപന മേധാവി, രണ്ട് വിദ്യാർത്ഥികൾ എന്നിവർ അംഗങ്ങളായി ട്രഷറിയിൽ സ്റ്റുഡന്റസ് സേവിങ്സ് സ്കീം എന്ന പേരിൽ ബാങ്ക് അക്കൗണ്ട് ആരംഭിക്കേണ്ടതാണ്

6 SSS ൽ അംഗങ്ങൾ ആകുന്ന എല്ലാ വിദ്യാർത്ഥികൾക്കും അക്കൗണ്ട് നമ്പറും പാസ്ബുക്കും നല്കേണ്ടതാണ്

7 വിദ്യാർത്ഥികൾ നിക്ഷേപിക്കുന്നതും പിൻവലിക്കുന്നതുമായ  തുകകൾ ഡെയിലി സ്ക്രോളിൽ രേഖപ്പെടുത്തി ബാക്കി തുക അടുത്ത ദിവസം  ട്രഷറിയിൽ നിക്ഷേപിക്കേണ്ടതാണ്

8 ഓരോ വിദ്യാർത്ഥിയും നിക്ഷേപിക്കുന്ന തുകയുടെ വിവരങ്ങൾ ലെഡ്ജറിൽ  രേഖപ്പെടുത്തേണ്ടതാണ് നിക്ഷേപത്തിന്റെ 80% വരെ ഒരു വർഷത്തിൽ കുറയാത്ത സ്ഥിര നിക്ഷേപമായി മാറ്റാവുന്നതാണ്



7

# സ്റ്റുഡന്റ്സ് സേവിങ്സ് സ്കീം ആരംഭിക്കാനുള്ള പ്രമേയം

ട്രസ്റ്റിലെ എല്ലാ അംഗങ്ങളും പ്രമേയത്തിൽ ഒപ്പുവച്ച്, പ്രമേയം ഒരു രേഖയായി സൂക്ഷിക്കണം

ട്രഷറിയിൽ അക്കൗണ്ട് ആരംഭിക്കുമ്പോൾ HM അറ്റെസ്റ്റ് ചെയ്ത പ്രമേയത്തിന്റെ പകർപ്പ് ട്രഷറിയിൽ നൽകേണ്ടതാണ്

പ്രമേയം

----- സ്കൂളിൽ ---- തീയതി --- സമയത്ത് ചേർന്ന രക്ഷിതാക്കളുടെയും അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും സംയുക്ത യോഗത്തിൽ വച്ച് ഈ സ്കൂളിൽ വിദ്യാർത്ഥികളുടെ സമ്പാദ്യ പദ്ധതിയായ SSS ആരംഭിക്കാൻ തീരുമാനിച്ചു



# അക്കൗണ്ട് നമ്പറും പലിശ കണക്കാക്കുന്നതും

ഓരോ വിദ്യാർത്ഥിക്കും ഒരു യൂണിക് A/C നമ്പർ നൽകുക . eg . ABC/2024/ SI നമ്പർ ABC - സ്കൂളിന്റെ പേരിന്റെ ഷോർട് ഫോം

പാസ് ബുക്ക് വിദ്യാർത്ഥികൾ തന്നെയാണ് സൂക്ഷിക്കേണ്ടത് , പാസ്സ്ബുക്കിന് പുറത്ത് അക്കൗണ്ട് നമ്പറും പേരും രേഖപ്പെടുത്തണം

ട്രഷറി സേവിങ്സ് ബാങ്ക് പലിശ നിരക്ക് നിക്ഷേപത്തിന് ലഭിക്കുന്നതാണ് നിലവിൽ 4% ആണ് പലിശ നിരക്ക്



ഓരോ മാസത്തിന്റെയും അവസാന ദിവസം ക്ലോസ് ചെയ്യുന്ന അക്കൗണ്ടിനു മാത്രമേ ആ മാസത്തെ പലിശ ലഭിക്കൂ.

മാർച്ച് 31 വരെയുള്ള ആകെ നിക്ഷേപവും പ്രതിമാസ പലിശയും കൂടി ചേർത്ത് കിട്ടുന്ന തുക അടുത്ത സാമ്പത്തിക വർഷത്തെ ഓപ്പണിങ് ബാലൻസ് ആയി പരിഗണിക്കേണ്ടതാണ്

# പലിശ കണക്കാക്കുന്ന രീതി



Pexels

| തീയതി | മാസം | പലിശ% | പ്രതിമാസ നിക്ഷേപം | പിൻവലിച്ച തുക | സഞ്ചിത നിക്ഷേപം (Closing Balance) | പലിശ (Rounded to 2 decimal points) |
|---|---|---|---|---|---|---|
| 30.04.2024 | Apr | 0.33% | 0 | 0 | 1952 (മുൻ വർഷത്തെ തുക) | 6.44 |
| 31.05.2024 | May | 0.33% | 0 | 0 | 1952 | 6.44 |
| 30.06.2024 | Jun | 0.34% | 50 | 0 | 2002 | 6.81 |
| 31.07.2024 | Jul | 0.33% | 50 | 0 | 2052 | 6.77 |
| 31.08.2024 | Aug | 0.33% | 0 | 100 | 1952 | 6.44 |
| 30.09.2024 | Sep | 0.34% | 100 | 0 | 2052 | 6.98 |
| 31.10.2024 | Oct | 0.33% | 0 | 50 | 2002 | 6.61 |
| 30.11.2024 | Nov | 0.33% | 100 | 0 | 2102 | 6.94 |
| 31.12.2024 | Dec | 0.34% | 100 | 0 | 2202 | 7.49 |
| 31.01.2025 | Jan | 0.33% | 100 | 0 | 2302 | 7.60 |
| 28.02.2025 | Feb | 0.33% | 100 | 0 | 2402 | 7.93 |
| 31.03.2025 | Mar | 0.34% | 100 | 0 | 2502 | 8.51 |
| | ആകെ | 4.00% | | | 2502 ( Opening balance as on 01.04.2025 is Rs 2587 ie. 2502+85) | 84.96 ( Rounded upto nearest rupees) 85/- |






# അധ്യാപകർക്ക് ഇൻസെന്റീവ് !!!

സ്ഥിര
നിക്ഷേപത്തിന്റെ
പലിശയുടെ 4%
കഴിഞ്ഞുള്ള
തുകയുടെ 1/3 ഭാഗം
അധ്യാപകന് ലഭിക്കും

അധിക പലിശയിൽ
അധ്യാപകന്റെ
ഇൻസെന്റീവ്
കഴിഞ്ഞുള്ള തുക
സ്കൂളിന്റെ
വികസനത്തിന്
ഉപയോഗിക്കാം





# സ്റ്റുഡന്റ്സ് സേവിങ്സ് സ്കീം ചാർജ് വഹിക്കുന്ന അധ്യാപകന്റെ കർത്തവ്യങ്ങൾ

01

**SCROLL, LEDGER** , പാസ്ബുക്ക് എന്നിവ പരിശോധിക്കുകയും , രേഖപ്പെടുത്തൽ വരുത്തുകയും ചെയ്യുക.

02

5000 രൂപയിൽ അധികരിക്കുന്ന തുക അടുത്ത ദിവസവും അല്ലാത്തപക്ഷം 5 ദിവസത്തിനുള്ളിലും ട്രഷറിയിൽ അടക്കേണ്ടതാണ്

03

സ്റ്റുഡന്റ്സ് സേവിങ്സ് സ്കീം ന്റെ പ്രചാരണം

# THANK YOU